E-mail: keralarcs.coop@kerala.gov.in
Website: www.cooperation.kerala.gov.in
Telephone No.: 0471-2330726

**<u>സർക്കുലർ നമ്പർ : 14/2013</u>**

ഫിൻ എ (1) 4566/2012 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 04.03.2013

വിഷയം : സഹകരണ വകുപ്പ് - ഫൈനാൻസ് - സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള ധനസഹായം തിരിച്ചടയ്ക്കുന്നതിലെ വീഴ്ച - ആഡിറ്റ് ഫീസ്, ആഡിറ്റ് കോസ്റ്റ്, ഡിവിഡന്റ്, ഗ്യാരണ്ടി കമ്മീഷൻ എന്നിവയിലുള്ള കുടിശ്ശിക - റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) സഹകരണ സംഘം രജിസ്ട്രാറുടെ ധഫിൻ എ (2) 33362/2003പ 05.08.2003 ലെ 45/2003 നമ്പർ സർക്കുലർ.
2) സഹകരണ സംഘം രജിസ്ട്രാറുടെ ധഫിൻ എ (2) 37164/2008പ 20.12.2009 ലെ 59/2009 നമ്പർ സർക്കുലർ.
3) സഹകരണ സംഘം രജിസ്ട്രാറുടെ ധഫിൻ എ (1) 24462/2010 (3)പ 01.07.2010 ലെ 32/2010 നമ്പർ സർക്കുലർ.
4) സർക്കാരിന്റെ 30.01.2013 ലെ 25640/ഐഎസി-എ3/2011-ഫിൻ നമ്പർ കത്ത്.

സംസ്ഥാനത്തെ അപ്പക്സ്-ഫെഡറൽ-പ്രൈമറി എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതമായും നബാർഡ്, എൻ.സി.ഡി.സി. എന്നീ ഏജൻസികളിൽ നിന്നും സർക്കാർ മുഖേനയും വായ്പ, ഓഹരി ഇനങ്ങളിൽ ധനസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായം നൽകുന്നതിനായി അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി വായ്പ തുക തവണകളായി പലിശ, പിഴപ്പലിശ സഹിതവും ഓഹരി തുകയ്ക്ക് അർഹമായ ഡിവിഡന്റും സർക്കാർ ഗ്യാരണ്ടി മുഖേന ലഭ്യമായ ധനസഹായത്തിന് ഗ്യാരണ്ടി കമ്മീഷൻ എന്നിവയും യഥാസമയം സർക്കാരിലേക്ക് അടയ്ക്കുന്നത് സംബന്ധിച്ച് നിരവധി തവണ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അനുവദിക്കുന്ന ധനസഹായങ്ങൾ ഇനം തിരിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ശരിയായ വിധം എഴുതി സൂക്ഷിക്കുന്നതിനും കാലാകാലങ്ങളിലായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം അനുവദിക്കുന്ന ധനസഹായത്തെ സംബന്ധിച്ച വിവരങ്ങൾ തിരിച്ചടവ് ഉൾപ്പെടെ ബന്ധപ്പെട്ട രജിസ്റ്ററിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ പ്ലാൻ സെക്ഷനുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. വായ്പ, ഓഹരി, പലിശ, ആഡിറ്റ് ഫീസ്, ഗ്യാരണ്ടി കമ്മീഷൻ എന്നീ ഇനങ്ങളിലെ തിരിച്ചടവ് ഓരോ വർഷവും കുറഞ്ഞുവരുകയും കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്ന പ്രവണതയുമാണ് കണ്ടുവരുന്നത്. കൂടാതെ ഇതര ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ധനസഹായം സർക്കാർ പലിശ സഹിതം കൃത്യമായി തിരിച്ചടക്കുകയും ചെയ്തു വരുന്നു. ഇപ്രകാരം വർദ്ധിച്ചു വരുന്ന കുടിശ്ശിക സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുകയാണ്. അക്കൗണ്ടന്റ് ജനറലിന്റെയും, നിയമസഭ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടേയും റിപ്പോർട്ടുകളിൽ ഈ വീഴ്ച പരാമർശിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ വരുത്തിയ

കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ അപ്പക്സ്/ഫെഡറൽ/പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്ന് സർക്കാരിലേക്ക് തിരിച്ചടയ്ക്കുവാനുള്ള വായ്പ, കുടിശ്ശികയായി നിൽക്കുന്ന ഓഹരി, ചട്ടപ്രകാരമുള്ള പലിശ, പിഴപ്പലിശ എന്നിവ ഉടൻ തന്നെ തിരിച്ചടയ്ക്കണമെന്ന് ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കുന്നു. ഇതോടൊപ്പം സർക്കാരിന് ലഭിക്കേണ്ടതായ ലാഭവിഹിതം, ആഡിറ്റ് കോസ്റ്റ്, ആഡിറ്റ് ഫീസ്, ഗ്യാരണ്ടി കമ്മീഷൻ എന്നിവയുടെ കുടിശ്ശികയും ഉടൻ അടയ്ക്കേണ്ടതാണ്. സർക്കാരിലേക്ക് വിവിധ ഇനങ്ങളിലായി അടയ്ക്കേണ്ട തുക തിരിച്ചടയ്ക്കാത്തപക്ഷം കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടി വരുമെന്നതിനാൽ അത്തരം സാഹചര്യം ഒഴിവാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു. **15.03.2013 മുതൽ 30.04.2013 വരെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള** തീവ്രയജ്ഞ പരിപാടി എല്ലാ ജില്ലകളിലും ജോയിന്റ് രജിസ്ട്രാർമാർ സംഘടിപ്പിക്കേണ്ടതാണ്. താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് (ജനറൽ) ടാർജറ്റ് നൽകി പുരോഗതി വിലയിരുത്തേണ്ടതാണ്.കൈവരിച്ച പുരോഗതി **15.05.2013** ന് മുൻപായി ഓരോ ജില്ലയും ക്രോഡീകരിച്ച് ഈ ആഫീസിൽ നൽകേണ്ടതാണ്.

ബന്ധപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ വിവിധ ഇനങ്ങളിലായി സർക്കാരിനു ലഭിക്കുവാനുള്ള തുകകൾ സംബന്ധിച്ച രജിസ്റ്ററുകൾ നിലവിലെ സ്ഥിതി അറിയാൻ കഴിയും വിധം വ്യക്തമായും കൃത്യതയോടെയും എഴുതി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട പരിശോധനാഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ആയത് ഹാജരാക്കേണ്ടതുമാണ്. കൂടാതെ കുടിശ്ശിക അടയ്ക്കാനുള്ള സംഘങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ഇതിനായി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്. സംഘങ്ങളുടെ ആഡിറ്റ് ചുമതല വഹിക്കുന്ന വിവിധ തസ്തികയിലുള്ള കൺകറന്റ് ആഡിറ്റർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സർക്കാർ കുടിശ്ശികയെ സംബന്ധിച്ച് അതാതു സംഘങ്ങളുടെ ചീഫ് എക്സിക്യൂട്ടീവിന് രേഖാമൂലം നിർദ്ദേശം നൽകുകയും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്. സർക്കാരിലേക്ക് ഈടാക്കുനുള്ള തുക ബന്ധപ്പെട്ട സ്ഥാപനം അടയ്ക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

സർക്കാരിലേക്ക് അടയ്ക്കേണ്ടതായ തുകകൾ നിയമാനുസൃതമുള്ള നിർദ്ദേശങ്ങൾ നൽകിയതിനുശേഷവും അടയ്ക്കുന്നതിന് വീഴ്ച വരുത്തുകയാണെങ്കിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ ക്രമപ്രകാരം സ്വീകരിക്കേണ്ടതാണ്. **റവന്യൂ റിക്കവറി സംബന്ധിച്ച 2013 മാർച്ച് 31, ഏപ്രിൽ 15, ഏപ്രിൽ 30 തീയതികളിലെ പുരോഗതി റിപ്പോർട്ട് യഥാക്രമം ഏപ്രിൽ 5, ഏപ്രിൽ 20, മേയ് 5 തീയതികൾക്ക് മുമ്പായി ഈ ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.** റവന്യൂ റിക്കവറി സ്വീകരിച്ച കേസുകളിൽ ആയതിന്റെ തുടർ നടപടികൾ യഥാസമയം റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്/-
കെ.വി. സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)